# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 1638.

21..3..2012-ൽ മറുപടിക്ക്

## മിൽമയുടെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജു. | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) 'മിൽമ'യുടെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന വ്യക്തമാക്കുമോ; | (എ) മിൽമയുടെ വികസനത്തിന്റെ ഭാഗമായി കേന്ദ്രസർക്കാരിന്റെയും സ്വിസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെയും സഹായത്തോടെ കണ്ണൂർ, മലപ്പുറം ജില്ലകളിൽ പുതുതായി ഡയറി പ്ലാന്റുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ, സംസ്ഥാനത്ത് ഒരു പുതിയ കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുവാനും മിൽമ ഉദ്ദേശിക്കുന്നു. ഇതിനുപുറമേ സംസ്ഥാനത്തെ നിലവിലുള്ള പ്ലാന്റുകളുടേയും ഡയറികളുടേയും സംഭരണശേഷി വർദ്ധിപ്പിക്കുവാനും പദ്ധതിയുണ്ട്. |
| (ബി) സംസ്ഥാനത്ത് എത്ര ലക്ഷം ക്ഷീരകർഷകർ ഉണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്; | (ബി) സംസ്ഥാനത്ത് ആകെ 14 ലക്ഷത്തോളം ക്ഷീരകർഷകരുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. |
| (സി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്ന പാലിൽ 'മിൽമ' എത്ര പാൽ ശേഖരിക്കുന്നുണ്ടെന്ന വ്യക്തമാക്കുമോ; | (സി) ശരാശരി എട്ട് ലക്ഷത്തി മുപ്പതിനായിരം ലിറ്റർ പാൽ മിൽമ പ്രതിദിനം ശേഖരിക്കുന്നുണ്ട്. |
| (ഡി) കർഷകർക്ക് 'മിൽമ' നല്കുന്ന വില വ്യക്തമാക്കുമോ? | (ഡി) ശരാശരി ഗുണനിലവാരമുള്ള (4.1% കൊഴുപ്പും 8.3% മറ്റ് ഖരപദാർത്ഥങ്ങളും) പാലിന് ക്ഷീരകർഷകർക്ക് ലഭ്യമാകുന്നത് ലിറ്ററിന് 22 രൂപ 68 പൈസയാണ്. |

സെക്ഷൻ ഓഫീസർ.